# അറിയാമോ?

• ആമി




## എ. ടി. എമ്മും പിൻ നമ്പറും

എത്രയോ പേരാണ് എ.ടി.എമ്മിൽ ദിവസവും പണമിടപാട് നടത്തുന്നത്. എ.ടി.എമ്മിൽ ഇടപാടുകൾ നടത്തുന്നത് ഒരു പിൻ നമ്പറുപയോഗിച്ചാണെന്ന കാര്യം കൂട്ടുകാർക്കറിയാമായിരിക്കും. ഈ പിൻ നമ്പർ ഉപയോഗിച്ചാണ് പണം പിൻവലിക്കുക. എന്തുകൊണ്ടാണ് അത് 4 നമ്പർ ആയിരിക്കുന്നത് എന്നറിയുമോ?.

ജോൺ ഷെഫേർഡ് ബാരൺ എന്നയാളാണ് ആദ്യത്തെ എടിഎം കണ്ടുപിടിച്ചത്. 6 അക്കങ്ങളുള്ള പാസ്‌വേർഡുമായാണ് ബാരൺ എത്തിയത്. തന്റെ ഭാര്യ കരോലിനോട് അഭിപ്രായം ചോദിച്ചതായിരുന്നു ഷെഫേർഡ് ബാരൺ. കരോലിന് പെട്ടെന്ന് ഓർത്തിരിക്കാൻ സാധിക്കുന്നത് 4 അക്കങ്ങളാണ്. സ്വാഭാവികമായും പിൻ നമ്പരും 4 അക്കങ്ങളാക്കാൻ ഇദ്ദേഹം തീ രുമാനിക്കുകയായിരുന്നുവത്രെ. ഏതായാലും സ്വിസ് ബാങ്കുകളിൽ പലപ്പോഴും 6 അക്കങ്ങളും പിൻ നമ്പറായി ന ൽകാറുണ്ട്. ഒരിക്കൽ കുളിച്ചുകൊണ്ടിരിക്കുമ്പോഴാണത്രെ ഇദ്ദേഹത്തിന് എ.ടി.എം മെഷീനിന്റെ ആശയം വന്നത്. പണമിട്ടാൽ ചോക്ലേറ്റ് ലഭിക്കുന്ന മെഷീനാണ് ഇദ്ദേഹത്തിന് പ്രചോദനമായത്. 1967ൽ ലണ്ടനിലാണ് ആദ്യ എ.ടി.എം. മെഷീൻ സ്ഥാപിച്ചത്.




## നമ്മുടെ കറൻസിയിൽ എത്ര ഭാഷയുണ്ട്?

നമ്മുടെ കറൻസി നോട്ടിൽ എത്ര ഭാഷ ഉണ്ടെന്ന് കൂട്ടുകാർക്കറിയുമോ?

കറൻസി നോട്ടുകളിൽ നോട്ടിന്റെ മൂല്യം വിവിധ ഭാഷകളിൽ അക്ഷരത്തിൽ എഴുതിയിട്ടുണ്ടാകുമല്ലോ. എത്ര ഭാഷകളിൽ ഇത് എഴുതിയിട്ടുണ്ടെന്ന് കൂട്ടുകാർ ശ്രദ്ധിച്ചിട്ടുണ്ടോ? ഏതൊക്കെ ഭാഷകളാണ് അതെന്നും നിരീക്ഷിച്ചിട്ടുണ്ടോ? 17 ഭാഷകളിൽ കറൻസി നോട്ടിൽ നോട്ടിന്റെ മൂല്യം അച്ചടിച്ചിട്ടുണ്ടാകും. മലയാളമടക്കമുള്ളവ ഇതിൽ ഉണ്ട്. ഹിന്ദിയും ഇംഗ്ലീഷും നോട്ടിന്റെ മുൻഭാഗത്തും മറുവശത്തുമായി അച്ചടിച്ചിട്ടുണ്ട്.

മറ്റു ഭാഷകൾ ലാംഗേജ് പാനൽ എന്ന ഭാഗത്താണുള്ളത്. രാജ്യത്തെ പ്രാദേശിക ഭാഷകൾ ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിലാണ് എഴുതിയിട്ടുള്ളത്. ആസാമീസ്, ബംഗാളി, ഗുജറാത്തി, കന്നഡ, കാശ്മീരി, കൊങ്കണി, മലയാളം, മറാത്തി, നേപ്പാളി, ഒറിയ, പഞ്ചാബി, സംസ്കൃതം, തമിഴ്, തെലുങ്ക്, ഉറുദു എന്നീ ക്രമത്തിലാണ് ഇതു വിന്യസിച്ചിരിക്കുന്നത്.

▸▸ ഫലങ്ങളുടെ രാജാവ് – മാങ്ങ